റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ): (എ, ബി) കാണക്കുടിയാൻമാർക്ക് ഒരു വലിയ സംഖ്യ പ്രതിഫലമിനത്തിൽ ജൻമിക്ക് നൽകേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം ഒഴിവാക്കുന്നതിലേക്ക് കേരള ഭൂപരിഷ്കരണനിയമത്തിലെ 27-ം വകുപ്പിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചുവരുന്നു.

ഭൂമി തിരിച്ചേൽപ്പിക്കൽ നിയമം

* 674 [731] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചേൽപ്പിക്കൽ നിയമം എന്നാണ് പാസാക്കിയത്;

(ബി) നിയമം നടപ്പിലാക്കാത്തതിൻെറ കാരണം എന്ത്;

(സി) നിയമം കർശനമായി നടപ്പാക്കാൻ നടപടികൾ എടുക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) 11.11.1975-ൽ.

(ബി) കേന്ദ്ര ഗവൺമെൻറ്: ഈ നിയമത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്രത്തിലെ നിയമ വകുപ്പിൻെറ ശുപാർശ പ്രകാരമുള്ള ചില ഭേദഗതികൾകൂടി ഈ നിയമം നടപ്പിലാക്കുന്നതിന് മുൻപ് പരിഗണിക്കണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പ്രസ്തുത ഭേദഗതിയെക്കുറിച്ച് ഇതുവരേയും ഒരു അവസാന തീരുമാനം എടുത്തിട്ടില്ല. അതിനുവേണ്ടി നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഇതിലേക്കുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ

* 675 [732] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ പുതിയതായി തിയേറ്ററുകൾ പണിയുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) കേരളത്തിനു തനതായി ഒരു ഫിലിം സെൻസർ ബോർഡുണ്ടാക്കുവാൻ കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) നല്ല പടങ്ങൾ പ്രദർശിപ്പിക്കുവാൻ സിനിമാശാലകൾ കിട്ടാത്ത ഇന്നത്തെ ദയനീയാവസ്ഥ പരിഹരിക്കുവാൻ ഫിലിം ചേംബർ പ്രതിനിധികളുമായി ഒരു കോൺഫറൻസ് നടത്തി തീരുമാനങ്ങൾ എടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ;

(ഇ) കോർപ്പറേഷൻെറ കഴിഞ്ഞവർഷത്തെ ലാഭനഷ്ടക്കണക്കുകൾ പറയാമോ?

LIBRARY, ARCHIVES Kerala Legislative Assembly